കമ്പനിക്കെതിരെയും വ്യാപാരിക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ആലുവയിലുള്ള പല്ലവി ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം നിർമ്മിച്ച് സർക്കാർ ആശുപത്രിയിലേക്ക് നൽകിയ ടർപന്റൈയിൻ ഓയിൽ എന്ന മരുന്നിനുപകരം ഫോർമൽ ഡീഹൈഡ് സൊലൂഷൻ (Formal Dehyde Solution) ചേർത്തതായി കണ്ടുപിടിച്ചിട്ടുണ്ട്. ഇതിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കമ്പനിയെ സെൻട്രൽ പർച്ചേസ് കമ്മിറ്റി ലിസ്റ്റിൽനിന്നും നീക്കം ചെയ്തു. കമ്പനിയിൽ പരിശോധന നടത്തി ഗുഡ് മാനുഫാക്ചറിംഗ് പ്രാക്ടീസ് അനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്ന് കണ്ടതിനാൽ കമ്പനി അടച്ചുപൂട്ടിയിട്ടുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് വ്യാജമരുന്നുകൾ ഈ സംസ്ഥാനത്ത് എത്തുന്നില്ല.

(ഡി) സ്വീകരിക്കുന്നതാണ്.

**നിരോധിച്ചിട്ടുള്ള മരുന്നുകളുടെ വിൽപ്പന**

*4 [373] *ശ്രീ. ജോണി നെല്ലൂർ:*

„ *ടി. എം. ജേക്കബ്:*

„ *ആർ. ബാലകൃഷ്ണപിള്ള:*

„ *ഷിബു ബേബി ജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിച്ചിട്ടുള്ള വിവിധതരം മരുന്നുകൾ വിൽപ്പന നടത്തുന്നതായി മാധ്യമങ്ങളിൽ വന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാംതരം മരുന്നുകളാണ് ഇങ്ങനെ വിൽപ്പന നടത്തുന്നത്;

(സി) നിരോധിച്ച മരുന്നുകളുടെ വിൽപ്പന നടത്തിയ ഏതെല്ലാം മെഡിക്കൽ ഷോപ്പുകൾക്കെതിരെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കേസുകൾ ഇതുസംബന്ധിച്ച് നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-1-2001 മുതൽ നിരോധിച്ച വിറ്റാമിൻ ബി1, ബി6, ബി12 എന്നിവയുടെ ചേരുവകൾ സംസ്ഥാനത്ത് വിൽപ്പന നടത്തിയതായി കണ്ടുപിടിച്ചിട്ടുണ്ട്. 1-1-2002 മുതൽ നിരോധിച്ച ഹാലോപെരിഡോൾ, ട്രൈ ഹെക്സി ഫെനിഡയിൽ എന്നിവയുടെ

LIBRARY ARCHIVES Kerala Legislative Assembly

ചേരുവകൾ, നാലി ഡിക്സിക് ആസിഡ്, മെട്രോനിഡാസോൾ ഇവയുടെ ചേരുവകൾ സൈപ്രോഹെപ്റ്റിഡിൻ, ലൈസിൻ ഇവയുടെ ചേരുവകൾ തുടങ്ങിയവ വിൽപ്പന നടത്തിയതായി കണ്ടുപിടിച്ചിട്ടുണ്ട്.

(സി) നിരോധിച്ച മരുന്നുകൾ നിശ്ചിത തീയതിക്കുശേഷം വിൽപ്പന നടത്തിയതിന് 49 മെഡിക്കൽ ഷോപ്പുകളുടെ ലൈസൻസുകൾ നിശ്ചിത ദിവസത്തേക്ക് സസ്പെന്റ് ചെയ്തിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

(ഡി) രണ്ട് കേസുകൾ നിലവിലുണ്ട്.

1. വിറ്റാമിൻ ബി1, ബി6, ബി12 എന്നിവയുടെ ചേരുവകൾ 1-1-2001-നുശേഷം നിർമ്മിച്ച് വിൽപ്പന നടത്തിയതിന് ഇൻഡോറിലെ ജെ.കെ. സർജിക്കൽസ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, എറണാകുളം വിഗ്നേഷ് ഫാർമ എന്നിവയ്ക്കെതിരെ കേസെടുത്തിട്ടുണ്ട്.

2. ഹൈഡ്രോക്സികൃൂനോളിൻ ഗ്രൂപ്പിലുള്ള മരുന്നുകൾ മറ്റ് ചേരുവകളുമായി ചേർത്ത് അകത്തേക്ക് ഉപയോഗിക്കുവാനായി നിർമ്മിക്കുന്നത് 13-12-1995 മുതൽ നിരോധിച്ചിട്ടുണ്ട്. ഡൈ അയോഡൊ ഹൈഡ്രോക്സികൃൂനോളിൻ, ഡൈക്ലോവിൻ, മെട്രോനിഡാസോൾ എന്നീ മരുന്നുകളുടെ ചേരുവകൾ 13-12-1995-നുശേഷം നിർമ്മിച്ച് വിൽപ്പന നടത്തിയതിന് ഹൈദരാബാദിലെ യൂണിസാൻ ഫാർമസ്യൂട്ടിക്കൽസിനെതിരെ കേസെടുത്തിട്ടുണ്ട്. ഇൻഡ്യയിൽ കേരളത്തിൽ മാത്രമാണ് ഇത്തരം കേസുകൾ എടുത്തിട്ടുള്ളത്.

*ശ്രീ. വി. കെ. സി. മമ്മത്കോയ:* സർ, കേരളകൗമുദിയിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ റെയ്ഡ് നടത്തി റിപ്പോർട്ട് നൽകാൻ ഡ്രഗ്സ് കൺട്രോളർക്ക് നിർദ്ദേശം നൽകിയതായി നിയമസഭയിൽ അങ്ങ് പറഞ്ഞിരുന്നു. ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയിൽ വ്യാജമരുന്നുകളോ ഗുണനിലവാരം ഇല്ലാത്ത മരുന്നുകളോ കണ്ടെത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത്; രോഗികളായവർ വ്യാജമരുന്നും ഗുണനിലവാരമില്ലാത്ത മരുന്നും വാങ്ങിക്കഴിച്ച് വഞ്ചിതരാകാതിരിക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഡ്രഗ്സ് കൺട്രോളർ കൊടുത്ത നിർദ്ദേശം അനുസരിച്ച് എല്ലാ ജില്ലകളിലും ഡ്രഗ്സ് ഇൻസ്പെക്ടർമാരും മറ്റ് ഉദ്യോഗസ്ഥൻമാരും പരിശോധന നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 300 ഓളം

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

സാമ്പിളുകൾ എടുത്തിട്ടുണ്ട്. പക്ഷേ, ഈ സാമ്പിൾ ടെസ്റ്റ് ചെയ്യുന്നതിന് ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും സമയം എടുക്കും. ആ ടെസ്റ്റ് റിസൾട്ട് കിട്ടിയതിനുശേഷം മാത്രമേ അവർക്കെതിരെയുള്ള നടപടികൾ എന്താണെന്ന് തീരുമാനിക്കാൻ കഴിയൂ.

*ശ്രീ. വി. കെ. ചന്ദ്രൻ:* നമ്മുടെ സംസ്ഥാനത്ത് വിൽക്കുന്ന മരുന്നുകളിൽ 35 ശതമാനവും വ്യാജമോ ഗുണനിലവാരമില്ലാത്തതോ ആയ മരുന്നുകളാണെന്നാണ് ലോകാരോഗ്യ സംഘടനയുടെ പഠനറിപ്പോർട്ടിൽ പറയുന്നത്. ഇത് കേരളത്തിൽ വിൽക്കുന്ന മരുന്നിന്റെ, അതായത് രണ്ടായിരം കോടിയുടെ 35 ശതമാനം 700 കോടിയുടേതാണ്. ഈ വ്യാജമരുന്നുകൾ വിൽക്കുന്നത് മെഡിക്കൽ ഷോപ്പുകളിലൂടെയാണ്. പരിശോധനകൾ ശക്തമാക്കുന്നതിനും വ്യാജമരുന്നുകളും ഗുണനിലവാരമില്ലാത്ത മരുന്നുകളും വിൽപ്പന നടത്തുന്നവർക്ക് കടുത്ത ശിക്ഷ നൽകുന്നതിനുമാവശ്യമായ നിയമനിർമ്മാണം നടത്താൻ ഈ സർക്കാർ തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഇത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിന്റെ പരിധിയിൽപ്പെട്ടതാണ്. സെൻട്രൽ ആക്ടാണ്. ആ സെൻട്രൽ ആക്ടിൽ ചില വ്യവസ്ഥകൾ ഉണ്ട്, അതനുസരിച്ചാണ് നടപടികൾ സ്വീകരിക്കുന്നത്.

*ശ്രീ. വി. കെ. ചന്ദ്രൻ:* ഗവൺമെന്റ് ആശുപത്രികളിലേക്ക് മരുന്നുകൾ വാങ്ങുന്നത് സി.പി.സി.യുടെ നിർദ്ദേശമനുസരിച്ചാണ്. ഇങ്ങനെ സി.പി.സി.യുടെ നിർദ്ദേശാനുസരണം ബൾക്ക് പർച്ചേസ് നടത്തിവരുമ്പോൾ ധാരാളം ബാച്ച് മരുന്നുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്ന് ഗവൺമെന്റ് ഡോക്ടർമാർ പറയുകയാണ്. ഇപ്പോൾ തിരൂരിലെ മെയ്ഡ് ഇൻ ഫാർമസ്യൂട്ടിക്കൽസ് എന്നു പറയുന്ന സ്ഥാപനമാണ് പാരസെറ്റമോൾ ഇവിടെ വിതരണം നടത്തുന്നത്. ഈ പാരസെറ്റമോൾ സബ്സ്റ്റാൻഡേർഡ് ആണെന്ന് ഡ്രഗ്സ് കൺട്രോളർതന്നെ പറയുന്നുണ്ട്. എന്നിട്ടും ഡ്രഗ്സ് കൺട്രോളർ പറഞ്ഞ ഈ മരുന്ന് ഇപ്പോഴും സംസ്ഥാനത്ത് വ്യാപകമായി വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഡ്രഗ്സ് കൺട്രോളർ ഇത് ഗുണനിലവാരം ഇല്ലാത്തതാണെന്നുപറഞ്ഞ് സംസ്ഥാനത്തെ ഡി.എച്ച്.എസ്.ന് കൊടുക്കുന്നു, ഡി.എച്ച്.എസ്. ഡി.എം.ഒ. യ്ക്ക് കൊടുക്കുന്നു, താഴെ പി.എച്ച്.സി.കളിലേക്ക് വരുമ്പോഴത്തേക്കും ഈ വാങ്ങിയ മരുന്ന് മുഴുവനും കൊടുത്തുതീർന്നിട്ടുണ്ടാകും. ഇങ്ങനെ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ നിർബന്ധമായും രോഗികളെക്കൊണ്ട് കഴിപ്പിക്കുന്ന ഒരു സംവിധാനമാണ് ഇവിടെയുള്ളത്. ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഈ മരുന്ന് പർച്ചേസ് ചെയ്യുന്നതിനുമുമ്പുതന്നെ സി.പി.സി.ക്ക് അതിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം സർക്കാർ ആശുപത്രികളിലേക്ക് എത്തിക്കഴിഞ്ഞാൽ റാൻഡം ചെക്കിംഗ് നടത്തുന്നുണ്ട്. അങ്ങനെ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ ഉണ്ടെങ്കിൽ അപ്പോൾ ആ കമ്പനിക്കെതിരെ നടപടിയെടുക്കും. ഈ സംസ്ഥാനത്ത് ഡ്രഗ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ കഴിഞ്ഞവർഷം 1841 സാമ്പിളുകൾ പരിശോധിച്ചതിൽ 111 എണ്ണം നിശ്ചിത ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടിട്ടുണ്ട്. ഇതിൽ 25 എണ്ണം സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തതാണ്. ഈ മരുന്നുകൾ വിതരണം ചെയ്തവർക്കെതിരെ നടപടി എടുത്തിട്ടുണ്ട്.

*ശ്രീ. വി. കെ. ചന്ദ്രൻ:* ഈ കമ്പനിയുടെ, തിരൂരിലെ മെയ്ഡ് ഇൻ ഫാർമസ്യൂട്ടിക്കൽസിന്റെ പാരസെറ്റമോളാണ് ഇപ്പോഴും വിൽക്കുന്നത്. അതിന് എന്തു നടപടിയെടുത്തു?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* അത് കൃത്യമായി പരിശോധിച്ചശേഷമേ പറയാൻ ഒക്കുകയുള്ളൂ, ഞാൻ അത് തീർച്ചയായും ഗൗരവമായി പരിശോധിക്കാം. അതിന് നടപടി എടുക്കുകയും ചെയ്യാം.

*ശ്രീ. വി. കെ. ചന്ദ്രൻ:* കോടിക്കണക്കിന് രൂപയുടെ വ്യാജമരുന്ന് വിൽപ്പന നടത്തി കൊള്ളലാഭമെടുക്കുകയാണ് വ്യാജമരുന്നു കമ്പനിക്കാർ. ഇതിനെ സഹായിക്കുന്ന ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഇത് കണ്ടെത്താൻ ആവശ്യമായ ഡ്രഗ് ഇൻസ്പെക്ടർമാർ നമ്മുടെ സംസ്ഥാനത്ത് ആകെ 47 പേർ മാത്രമേയുള്ളുവെന്നാണ് പറയുന്നത്. ലക്ഷക്കണക്കിനുള്ള മെഡിക്കൽ സ്റ്റോറുകൾ, വലിയ ഒരു സംവിധാനമായി പ്രവർത്തിക്കുന്ന ആശുപത്രികൾ ഇവിടെയൊക്കെ വരുന്ന വ്യാജമരുന്നുകളെ സംബന്ധിച്ച് കണ്ടെത്താൻ ഒരു സംവിധാനമൊരുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നില്ല. അതുകൊണ്ട് ഈ ഡ്രഗ് ഇൻസ്പെക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കാനും വ്യാജമരുന്നുകൾ ഇങ്ങനെ നൽകി മനുഷ്യ ജീവൻ നഷ്ടപ്പെടാതിരിക്കാനും വേണ്ടിയുള്ള അടിയന്തിരമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഡ്രഗ് ഇൻസ്പെക്ടർമാർ നമ്മുടെ കേരളത്തിലാണ് താരതമ്യേന കൂടുതൽ. മഹാരാഷ്ട്ര കേരളത്തിന്റെ നാലിരട്ടിയുണ്ട്. അവിടെ എഴുപതോ എഴുപത്തിരണ്ടോ പേരാണുള്ളത്. ആ കണക്കുവച്ചുനോക്കിയാൽ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതലുണ്ട്. ഡ്രഗ് ഇൻസ്പെക്ടർമാർ പരിശോധന നടത്തുന്നുണ്ട്. പരിശോധന നടത്തി ഈ സബ്സ്റ്റാൻഡേർഡ് ആയിട്ടുള്ള മരുന്നുകൾ കണ്ടുകഴിഞ്ഞാൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. വ്യാജമരുന്നുകൾ ഉണ്ട്, ഉണ്ട്, എന്നുപറഞ്ഞ് exaggerated ആയിട്ടുള്ള പ്രചരണം നടത്തിയിട്ട് കാര്യമില്ല. വ്യാജമരുന്നുകൾ ഉണ്ട്, അതിനെതിരെ ശക്തമായ നടപടികൾ അപ്പപ്പോൾ എടുക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. ടി. കെ. ദേവകുമാർ:* എന്തായാലും ഇക്കാര്യത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ബംഗാളിന്റെ കാര്യം ഉദാഹരണമായി പറയാതെ മഹാരാഷ്ട്രയെന്നു പറഞ്ഞതിൽ സന്തോഷമുണ്ട്. എന്റെ ചോദ്യം ആലുവയിലുള്ള പല്ലവി ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം സർക്കാർ ആശുപത്രികളിലേക്ക് നൽകിയ ടർപ്പന്റൈൻ ഓയിൽ എന്ന മരുന്നിനു പകരം Formal Dehyde Solution ചേർത്തതായി കണ്ടുപിടിച്ചിട്ടുണ്ട്. അങ്ങ് ഇവിടെ വിവരിച്ച നടപടിക്രമമനുസരിച്ച് സി.പി.സി. പരിശോധിക്കുമെന്നും, അതുകഴിഞ്ഞ് പിന്നെ ചെക്കിംഗ് ഉണ്ടാകുമെന്നും പറഞ്ഞു. ആ സംവിധാനത്തെക്കുറിച്ചൊന്നും ഞാൻ ചോദ്യത്തിൽ വിശദീകരിക്കുന്നില്ല. ഇതെല്ലാം പറഞ്ഞു, ഈ സംവിധാനമൊന്നും ഫലപ്രദമല്ല എന്നതല്ലേ മറുപടിയിൽനിന്നു വന്നിരിക്കുന്നത്. എന്റെ ചോദ്യം ഈ സാഹചര്യം നിലനിൽക്കുമ്പോൾ കേരളത്തിലെ സർക്കാർ ഉടമയിലുള്ള പൊതുമേഖലാസ്ഥാപനമായ കെ.എസ്.ഡി.പി. എന്നു പറയുന്ന മരുന്ന് വിൽപ്പനശാല ഇന്ന് ഏതാണ്ട് അടച്ചുപൂട്ടലിന്റെ വക്കിൽ എത്തിയിരിക്കുന്നു. എൺപത് തൊണ്ണൂറ് ശതമാനം അടച്ചുപൂട്ടിയിരിക്കുന്നു. സംസ്ഥാന സർക്കാർ മരുന്നു വാങ്ങിയതിൽ എത്ര കോടി രൂപ കെ.എസ്.ഡി.പി.ക്ക് കൊടുക്കാനുണ്ട്. സ്വകാര്യ കമ്പനികളിൽനിന്ന് മരുന്ന് വാങ്ങിയതിൽ മായംചേർത്തിരിക്കുന്ന സാഹചര്യത്തിൽ കെ.എസ്.ഡി.പി. പുനരുദ്ധരിച്ച് സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നു നിർമ്മിക്കുന്നതിനുള്ള ശേഷി ഉണ്ടാക്കാൻ സർക്കാർ തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* കെ.എസ്.ഡി.പി.യെ പുനരുദ്ധരിക്കാൻ ആവശ്യമായ ചില നിർദ്ദേശങ്ങളുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലാണ് ആ സ്ഥാപനം. വ്യവസായ വകുപ്പ് വളരെ സജീവമായി അക്കാര്യം പരിഗണിച്ചുവരുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

*ശ്രീ. ടി. കെ. ദേവകുമാർ:* ആരോഗ്യവകുപ്പ് മരുന്നു വാങ്ങിച്ച വകയിൽ എത്ര കോടി രൂപ കൊടുക്കാനുണ്ടെന്ന് അങ്ങ് പറഞ്ഞില്ല.

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഞാൻ അതു പരിശോധിച്ചു പറയാം.

*ശ്രീ. ടി. കെ. ദേവകുമാർ:* ലഭ്യമായിട്ടുള്ള വിവരങ്ങളനുസരിച്ച് 225 കോടി രൂപയുടെ വ്യാജമരുന്നുകൾ നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നടത്തുന്നുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട ഡോക്ടർമാരുടെയും മറ്റ് സംഘടനകളുടെയുമൊക്കെ കൈയിൽനിന്നു ലഭിക്കുന്ന വിവരമനുസരിച്ച് മനസ്സിലാക്കാൻ കഴിയുന്നത്. ഇതിൽ എടുത്തിട്ടുള്ള കേസുകൾ അങ്ങ് പറഞ്ഞതനുസരിച്ച് ഒരു മുപ്പത്തിരണ്ടും, പിന്നെ ഒരു നാൽപ്പത്തിയൊൻപതും പിന്നെ ഒരു ഒന്നും, അങ്ങനെ എൺപത്തിരണ്ടു കേസുകളാണ് വിവിധ ഇനങ്ങളിൽ എടുത്തിട്ടുള്ളതായി അങ്ങയുടെ മറുപടിയിലും രേഖാമൂലമുള്ള മറുപടിയിലുമായി ഞാൻ കൂട്ടിനോക്കിയപ്പോൾ കണ്ടത്. ഇതിനോടൊപ്പം ഇപ്പോഴുള്ള



LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം പര്യാപ്തമാണെന്നും അങ്ങ് പറയുന്നു. 358-ാം നമ്പർ ചോദ്യത്തിന്റെ (ബി)യിലേക്ക് അങ്ങ് പറഞ്ഞിരിക്കുന്നത് ഇവിടത്തെ സംവിധാനങ്ങൾ പര്യാപ്തമാണെന്നാണ്. അങ്ങനെ പര്യാപ്തമായ സംവിധാനമുണ്ടെന്ന് സർക്കാർ പറയുമ്പോൾ 225 കോടി രൂപയുടെ വ്യാജമരുന്ന് വിൽക്കുന്നു എന്ന് ഈ രംഗത്തെ ഉത്തരവാദപ്പെട്ടവരുടെ സംഘടനകൾ ..... എന്നു പറഞ്ഞാൽ ആകെ വിൽക്കുന്ന 35 ശതമാനം മരുന്ന് വ്യാജമാണെന്നുപറയുമ്പോൾ 111 കേസുകൾ വിവിധ സ്ഥലങ്ങളിൽ പിടിച്ചു എന്ന് അങ്ങു പറഞ്ഞു, അതിൽ 25 എണ്ണം സർക്കാർ ആശുപത്രികളിലാണ്. യഥാർത്ഥത്തിൽ യാതൊരു ലൈസൻസും നിയന്ത്രണവും ഇല്ലാത്ത ഈ സംവിധാനം പര്യാപ്തമല്ല. സ്വകാര്യ ആശുപത്രികളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ മെഡിക്കൽ സ്റ്റോറുകൾ, ഫാർമസികൾ, എന്നിവിടങ്ങളിലൂടെ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ അടിയന്തിരമായി എന്തെങ്കിലും സംവിധാനം ഉണ്ടാക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ആ സംവിധാനം കുറേ വർഷങ്ങളായി കേരളത്തിൽ നിലനിൽക്കുന്നതാണ്. ഞാൻ പറഞ്ഞു, ബന്ധപ്പെട്ട മെഡിക്കൽ സ്റ്റോറുകളിൽ പരിശോധന നടത്തുന്നുണ്ട്. കഴിഞ്ഞ തവണ 1841 സാമ്പിളുകൾ പരിശോധിച്ചു. 111 എണ്ണം നിശ്ചിത ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടിട്ടുണ്ട്. അവർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്. 25 എണ്ണം സർക്കാർ ആശുപത്രിയിൽ വിതരണം ചെയ്തതാണ്. ചെയ്യാൻ കഴിയുന്നത് സി.പി.സി. പർച്ചേസ് ആണെങ്കിൽ ആ പർച്ചേസിനുമുൻപ് അതിന്റെ ഗുണനിലവാരം പരിശോധിക്കും. പിന്നെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്തുകഴിഞ്ഞാൽ റാൻഡം ചെക്കിംഗ് നടത്തും. ആ ചെക്കിംഗ് നടത്തുമ്പോൾ അതിൽത്തന്നെ ഗുണനിലവാരം ഇല്ലാത്തതാണെങ്കിൽ അതിനെതിരെ, ആ ബന്ധപ്പെട്ട കമ്പനിക്കെതിരെ നടപടികൾ സ്വീകരിക്കും. അല്ലാതെ ഓരോ ദിവസവും ഇങ്ങനെ കയറിയിറങ്ങി പരിശോധിക്കാൻ കഴിയുമോ?

*ശ്രീ. മത്തായി ചാക്കോ:* കേരളത്തിലെ ജനങ്ങളുടെ ആരോഗ്യത്തിന് ഗുരുതരമായ ഭീഷണി ഉണ്ടാക്കുന്ന രൂപത്തിലുള്ള വ്യാജമരുന്നുകളും ഔഷധങ്ങളും അതുപോലെ നിലവാരമില്ലാത്ത മരുന്നുകളും വ്യാജമായി നിർമ്മിക്കുകയും വിതരണം നടത്തുകയും ചെയ്യുകയാണ്. സ്റ്റേറ്റ് ഗവൺമെന്റിന് ഇത് നിയന്ത്രിക്കാൻ കഴിയുന്നത് സെൻട്രൽ ആക്ടിന്റെ പരിധിയിൽനിന്നുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. 1940-ലെ കേന്ദ്ര ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടും അതിനെത്തുടർന്ന് 1945-ലെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂളുമാണ് ഇപ്പോൾ നിലവിലുള്ള നിയമം. ഇത് ബ്രിട്ടീഷുകാരുടെ കാലത്ത് ഉണ്ടാക്കിയിട്ടുള്ള നിയമമാണ്. അതുകൊണ്ട് ഈ രണ്ട് നിയമങ്ങളും ഫലപ്രദമായിട്ട് കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയില്ല. ഗവൺമെന്റിന്റെ ഇടപെടലിനുള്ള സാദ്ധ്യത വളരെ കുറവാണ്. ഈ ഒരു പശ്ചാത്തലത്തിൽ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഈ ഗുരുതരമായിട്ടുള്ള സ്ഥിതിവിശേഷം പരിഗണിച്ചുകൊണ്ട് ഒരു പ്രത്യേകമായിട്ടുള്ള നിയമം, വ്യാജമരുന്നും ഗുണനിലവാരം കുറഞ്ഞിട്ടുള്ള മരുന്നും നിർമ്മിച്ച് വിതരണം ചെയ്യുന്നത് തടയുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് ഗൗരവതരമായിട്ട് ആലോചിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*: ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് എന്നു പറയുന്നത് സെൻട്രൽ ആക്ടാണ്. ആ സെൻട്രൽ ആക്ട് നിലവിലുള്ളപ്പോൾ കേരള ഗവൺമെന്റിന് ഫലപ്രദമായി എന്തുചെയ്യാൻ കഴിയുമെന്നതിനെപ്പറ്റി തീർച്ചയായിട്ടും പരിശോധിക്കാം.

*ശ്രീ. മത്തായി ചാക്കോ:* എന്റെ ചോദ്യം, 2003-ലെ സി.എ.ജി. റിപ്പോർട്ടിൽ കേരള ഗവൺമെന്റ് വ്യവഹാര നടപടികളുമായിട്ട് മുന്നോട്ടുപോകരുത് എന്ന് ഉദ്യോഗസ്ഥൻമാരെ ഉപദേശിച്ചുകൊണ്ടും അല്ലെങ്കിൽ കോടതിയിൽ വിചാരണയിൽ ഇരിക്കുന്ന കേസുകൾ പിൻവലിക്കാൻ പ്രോസിക്യൂട്ടറോട് ഉപദേശിച്ചുകൊണ്ടും നിലവാരംതാണ ഔഷധങ്ങളുടെ നിർമ്മാതാക്കളിൽനിന്നുള്ള അപ്പീലുകളിൽ തീർപ്പാക്കിക്കൊണ്ട് താഴെപ്പറയുന്ന കേസുകളിൽ തങ്ങളുടെ പരിധിക്കുമേൽ അധികാരവിനിയോഗം സർക്കാർ നടത്തുകയാണ്. അങ്ങ് ഇവിടെ പറഞ്ഞത് ഒരു കേസ് മാത്രമേയുള്ളൂ എന്നാണ്. ഒരുപാട് കേസുകളിൽ ഈ വ്യാജമരുന്നു നിർമ്മാതാക്കളെ സംരക്ഷിച്ചുകൊണ്ടും കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഗവൺമെന്റ് നടത്തിയിട്ടുള്ള ഇടപെടലിനെ സംബന്ധിച്ച് അദ്ധ്യായം മൂന്നിൽ നിരവധി പേജുകളിൽ സി.എ.ജി. വിമർശിക്കുന്നുണ്ട്. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ കേസ് പിൻവലിക്കാൻവേണ്ടി അനധികൃതമായി ഇടപെട്ടിട്ടുള്ള സാഹചര്യം സംബന്ധിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ? ഇതുസംബന്ധിച്ച് ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*: ഈ കേസ് പിൻവലിക്കണമെങ്കിൽ മന്ത്രികൂടി അറിയണം. ഞാൻ വന്നതിനുശേഷം ഒരു കേസും പിൻവലിച്ചിട്ടില്ല. ഡിപ്പാർട്ടുമെന്റിൽ നിന്ന് കിട്ടിയ വിവരമനുസരിച്ച് ആകെ ഒരു കേസാണ് ഈ ഗവൺമെന്റിന്റെ കാലത്ത് പിൻവലിച്ചത്.

*ശ്രീ. കോവൂർ കുഞ്ഞുമോൻ:* വളരെ മാരകമായിട്ടുള്ള ബെൻസിൽ പെൻസിൽ എന്നു പറയുന്ന മരുന്ന് ഇപ്പോഴും പല സ്ഥലങ്ങളിലും ഉപയോഗിക്കുന്നതായി അറിയാൻ കഴിഞ്ഞു, ഈ മരുന്നു ഉപയോഗിച്ചതുമൂലം പല സ്ഥലങ്ങളിലും പലരും മരിച്ചതായും റിപ്പോർട്ടുണ്ട്. ഈ മരുന്ന് ഉപയോഗിക്കുന്നത് തടയാൻ കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം തീർച്ചയായിട്ടും വളരെ ഗൗരവമായിത്തന്നെ പരിശോധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. കോവൂർ കുഞ്ഞുമോൻ:* നമ്മുടെ സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന പല മരുന്നുകളും ഗുണനിലവാരം ഇല്ലാത്തതാണെന്ന് വളരെ വ്യക്തമായിട്ടുണ്ട്. ഇതിന്റെ ഒരു ഉദാഹരണം, എം.എൽ.എ. ഹോസ്റ്റലിലെ ഡിസ്പെൻസറിയിൽപ്പോലും ഗുണനിലവാരമില്ലാത്ത മരുന്നുകളാണ് വിൽക്കുന്നത്. ഞാൻ രണ്ടുമൂന്നു ദിവസം മുമ്പ് പനിയായിട്ട് എം.എൽ.എ. ഹോസ്റ്റലിലെ ഡിസ്പെൻസറിയെ സമീപിച്ചപ്പോൾ എന്നോട് മരുന്ന് വെളിയിൽപ്പോയി എടുക്കാൻ പറഞ്ഞു. എം.എൽ.എ. ഹോസ്റ്റലിൽപ്പോലും ഗുണനിലവാരമില്ലാത്ത മരുന്നുകളാണ്. ജനപ്രതിനിധികൾക്ക് എന്തെങ്കിലും സംഭവിച്ചാൽ ആര് ഉത്തരവാദിയാകും? അങ്ങനെയുള്ള നടപടികളാണ് ഇപ്പോൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഡിസ്പെൻസറികളിലൂടെ വിതരണം ചെയ്യുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ജനപ്രതിനിധികളുടെയും ജനങ്ങളുടെയുമൊക്കെ ജീവന് ഒരേ വിലയാണ്. അങ്ങയുടെ ആരോഗ്യകാര്യത്തിൽ എനിക്ക് പ്രത്യേക താൽപ്പര്യമുണ്ട്. എം.എൽ.എ. ഹോസ്റ്റലിൽ ഗുണനിലവാരമില്ലാത്ത മരുന്നുകളുണ്ടെങ്കിൽ അത് തീർച്ചയായിട്ടും പരിശോധിക്കും.

*ശ്രീ. എ. എ. അസീസ്:* ഇതൊരു അനുബന്ധ ചോദ്യമാണ്. എം.എൽ.എ. ഹോസ്റ്റലിലുള്ള പാരസെറ്റമോൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് പരക്കെ ആക്ഷേപമുണ്ട്. അത് ഡ്രഗ്സ് കൺട്രോളറുടെ പരിശോധനയ്ക്ക് വിധേയമാക്കാമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഇന്നുതന്നെ അത് പരിശോധിക്കാനുള്ള നിർദ്ദേശം കൊടുക്കാം.

*ശ്രീ. എ. എ. അസീസ്:* മെഡിക്കൽ ഷോപ്പുകളിൽ ജോലി ചെയ്യുന്നവരുടെ ക്വാളിഫിക്കേഷൻ പരിശോധിക്കാറുണ്ടോ; അവരുടെ ക്വാളിഫിക്കേഷൻ എന്താണ്?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഫാർമസിയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഫാർമസിയിൽ ഡിപ്ലോമ ഉണ്ടായിരിക്കണം. ജീവനക്കാരുടെ യോഗ്യത പരിശോധിക്കാനുള്ള സംവിധാനം നിലവിലുണ്ട്. ക്വാളിഫൈഡ് ഹാൻഡ്സ് ഉണ്ടെങ്കിൽ മാത്രമേ മെഡിക്കൽ സ്റ്റോർ തുടങ്ങാൻ അനുവാദം നൽകൂ.

*ശ്രീ. മഞ്ഞളാംകുഴി അലി:* പ്രൊപ്പഗാൻഡ മെഡിസിൻ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ കൂടുതലും തമിഴ്നാട്ടിൽനിന്നും അതുപോലെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നുമാണ് കേരളത്തിൽ എത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് അത് കൂടുതലും ഉണ്ടാക്കുന്നത് ബഹുമാനപ്പെട്ട ചെയറിന്റെ ജില്ലയായ തൃശ്ശൂരിലാണെന്നാണ് ഡോക്ടർമാർ പറയുന്നത്. ഇതിനൊരു താരിഫ്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചിട്ടുണ്ട്. 25 ശതമാനം ഡോക്ടർക്ക്, 25 ശതമാനം മെഡിക്കൽ സ്റ്റോറിന്, 25 ശതമാനം ഹോൾസെയിലർക്ക്, 25 ശതമാനം മാനുഫാക്ചറേഴ്സിന്. ഇതൊരു വലിയ മാഫിയ സംഘമാണ്. ഇതിനെ അമർച്ച ചെയ്യാൻ എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ശിക്ഷണനടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചൊക്കെ ഞാൻ നേരത്തെ പറഞ്ഞു. കേന്ദ്ര ഗവണ്മെന്റിന്റെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരമാണ്. നിയമത്തിന്റെ പരിമിതികൾക്കുള്ളിൽനിന്നു കൊണ്ടുമാത്രമേ നമുക്ക് നടപടികൾ എടുക്കാൻ കഴിയൂ. ഗുരുതരമായ വീഴ്ചയുള്ള കേസുകളിൽ പ്രോസിക്യൂഷൻ നടപടി എടുക്കും. അല്ലെങ്കിൽ കടകളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യും. അല്ലെങ്കിൽ ഗുണനിവലാരം ഇല്ലാത്ത മരുന്ന് എന്നുകാണിച്ച് ആ ബാച്ച് നിരോധിക്കും. ഇതൊക്കെയാണ് ചെയ്യാൻ കഴിയുന്ന നടപടികൾ. കേരളത്തിൽനിന്നും ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്തതിനും മായംകലർന്ന മരുന്ന് നിർമ്മിച്ച് വിൽപ്പന നടത്തിയതിനും പ്രധാനപ്പെട്ട 32 കമ്പനികൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരും മരുന്നിന്റെ ലിസ്റ്റും നേരത്തെ തന്ന ഉത്തരത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

*ശ്രീ. മഞ്ഞളാംകുഴി അലി:* കേരളത്തിൽ എല്ലാ അസുഖങ്ങൾക്കും ഇന്ന് മരുന്നുണ്ടെന്ന് ചില ആയുർവേദ പരസ്യങ്ങൾ കണ്ടാൽ മനസ്സിലാകും (എയ്ഡ്സ്, ഹെപ്പറ്റൈറ്റിസ്, ക്യാൻസർ തുടങ്ങിയവ). ആയുർവ്വേദ മരുന്നുകളിൽ സ്റ്റിറോയിഡ് ചേർത്തിട്ടാണ് ഇതുപോലെയുള്ള മരുന്നുകൾ ഉണ്ടാക്കുന്നതെന്നാണ് പറയുന്നത്. ഇവർക്കെതിരെ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഇത് ശ്രദ്ധയിൽപ്പെട്ടാൽ തീർച്ചയായും നടപടി സ്വീകരിക്കും.

*ശ്രീ. ജോണി നെല്ലൂർ:* നമ്മുടെ സംസ്ഥാനത്ത് നിരോധിച്ച മരുന്നുകളുടെ വിൽപ്പന നടത്തുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. നിരോധിച്ച പല മരുന്നുകളും അതേ കണ്ടന്റിൽ വേറെ പേരുകളിൽ ഇറക്കി നമ്മുടെ സംസ്ഥാനത്ത് വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉദാഹരണത്തിന്, അവിൽ എന്നുപറയുന്ന മരുന്ന് നിരോധിച്ചിട്ടുള്ളതാണ്. അതിനു പകരം സി.പി.എം. പോലെ (ക്ലോർ ഫെർമെയിൽ മാലൈറ്റ്) ഉള്ള മരുന്ന് നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി വിറ്റഴിക്കുന്നതും വിതരണം ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങനെ വിറ്റഴിക്കുന്ന മരുന്നുകൾ നിരോധിക്കാൻ നടപടികൾ സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഇത്തരത്തിലുള്ള വ്യാജമരുന്നുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ നിരോധിക്കുന്നതിനുള്ള നടപടികളുണ്ട്. മരുന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിരോധിക്കേണ്ടത് കേന്ദ്ര ഗവണ്മെന്റാണ്. തൽക്കാലം ആ ബാച്ചിന്റെ വിൽപ്പന തടയും. അതാണ് ഗവണ്മെന്റ് ചെയ്യുന്നത്.

*ശ്രീ. ജോണി നെല്ലൂർ:* നമ്മുടെ സംസ്ഥാനത്ത് എക്സ്പയറി ഡേറ്റ് കഴിഞ്ഞ മരുന്നുകൾ വളരെ വ്യാപകമായി വിൽക്കുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. ഇതു പോലെതന്നെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ മരുന്നുകൾ വിൽക്കാൻ പാടില്ല എന്ന് വ്യവസ്ഥയുണ്ട്. ഇന്ന് പല മെഡിക്കൽ ഷോപ്പുകളിലും പ്രിസ്ക്രിപ്ഷൻ ഇല്ലാതെ കോംപോസ് പോലെയുള്ള മയക്കമുണ്ടാക്കുന്ന വിധത്തിലുള്ള മരുന്നുകൾ വിറ്റഴിക്കുന്നുണ്ട്. ഈ പ്രവണതയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* പരാതികൾ കിട്ടിയാൽ തീർച്ചയായും വളരെ ഗൗരവമായിട്ടെടുക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്.

*ശ്രീ. ആർ. ബാലകൃഷ്ണപിള്ള:* നമ്മുടെ നാട്ടിൽ മരുന്ന് മാനുഫാക്ചറേഴ്സ് മരുന്നുകൾ വിൽക്കുന്നതിനുമുമ്പ് കേന്ദ്ര ഗവണ്മെന്റിന്റെയും സംസ്ഥാന ഗവണ്മെന്റിന്റെയും ഡ്രഗ് കൺട്രോളറുടെയും അനുവാദം വാങ്ങണം എന്നാണ് നിയമം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെയാണെങ്കിൽ അംഗീകാരമില്ലാത്ത മരുന്നുകൾ ഈ രാജ്യത്ത് വിൽക്കുന്നതിനുവേണ്ടി പ്രിസ്ക്രിപ്ഷൻ കൊടുക്കുന്ന ഡോക്ടർമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഒരുപാട് ഡോക്ടർമാർ ഇന്ന കടയിൽനിന്നുമാത്രമേ മരുന്നു വാങ്ങാവൂ എന്ന് രോഗികളോട് ആവശ്യപ്പെടുന്നു. അതിന്റെ അർത്ഥം വ്യക്തമല്ലേ? ചിലർ സ്പെസിഫിക്കായിട്ട് ഇന്ന ലബോറട്ടറിയിൽ പരിശോധിക്കണം എന്ന് പറയുന്നുണ്ട്. മൊണോപ്പൊളിയായിട്ട് ഇഷ്ടംപോലെ കാശ് വാങ്ങാൻ അവർക്ക് കഴിയുന്നുണ്ട്. അങ്ങനെ കൊടുക്കുന്ന എന്തെങ്കിലും കേസുകൾ ഡ്രഗ് കൺട്രോളർ ലിസ്റ്റ് ചെയ്തിട്ടുണ്ടോ? അംഗീകാരം ഇല്ലാത്ത മരുന്നുകൾ കുറിച്ചുകൊടുക്കുന്നത് ഡോക്ടർമാരുടെ പ്രൊഫഷണൽ എത്തിക്സിന് എതിരാണെന്നുള്ളതുവച്ച് നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* അങ്ങനെയുള്ള അനാരോഗ്യകരമായ പ്രവണത റിപ്പോർട്ട് ചെയ്യുന്നുണ്ട്. അങ്ങനെ എന്തെങ്കിലും കിട്ടിക്കഴിഞ്ഞാൽ അപ്പോൾത്തന്നെ പരാതികൾ അന്വേഷിക്കാനും നടപടി എടുക്കാനും നിർദ്ദേശം നൽകുന്നുണ്ട്.

*ശ്രീ. ആർ. ബാലകൃഷ്ണപിള്ള:* വ്യാപകമായ രീതിയിൽ ഈ സംസ്ഥാനത്ത് നടക്കുന്ന ഒരു കാര്യമാണ്, ഇന്ന സ്ഥലത്തുനിന്നും ഇന്ന മരുന്നുകൾ വാങ്ങണമെന്നത്. അങ്ങനെ കുറിച്ചുകൊടുക്കുന്ന പല മരുന്നുകളും ഡ്രഗ് കൺട്രോളറുടെയും കേന്ദ്ര ഗവണ്മെന്റിന്റെയും അംഗീകാരം ഇല്ലാത്തവയാണ്. രോഗികൾക്ക് വേറെ

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗങ്ങളില്ല. രോഗികൾക്ക് അംഗീകരിക്കപ്പെട്ട മരുന്നുകളുടെ ഇൻഗ്രീഡിയൻസൊന്നും അറിയില്ല. അങ്ങനെയുള്ള എന്തെങ്കിലും കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അങ്ങ് പറഞ്ഞ രജിസ്റ്റർ ചെയ്ത കേസുകളുടെ കൂട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട കേസുകൾ ഉണ്ടോ എന്നാണ് എന്റെ ചോദ്യം.

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* അക്കാര്യം പരിശോധിച്ച് പറയാം.

*ശ്രീ. എം. എം. ഹസ്സൻ:* നിയമനടപടികളും ബോധവൽക്കരണവും ഒരുപോലെ ആവശ്യമായ ഗുരുതരമായ ഒരു പ്രശ്നമാണിത്. ശ്രീ. മത്തായി ചാക്കോ ഇവിടെ ചൂണ്ടിക്കാണിച്ചത് പ്രസക്തമായ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി വെളിപ്പെടുത്തിയതനുസരിച്ച് ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ നൽകുന്ന കമ്പനികളുടെപേരിൽ വളരെ ദുർബലമായ നടപടികളാണ് എടുക്കുന്നത്. അവർക്ക് കടുത്ത ശിക്ഷ നൽകുന്നതിന് തക്കവണ്ണം ഒരു നിയമഭേദഗതിയിലൂടെ അത് കേന്ദ്രത്തിന്റെ നിയമം ആണെങ്കിലും അതിന് ആവശ്യമായ അംഗീകാരം നേടാനുള്ള ശ്രമം ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? അതോടൊപ്പംതന്നെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഏതാണ് ഗുണനിലവാരം ഉള്ളത്, ഏതാണ് ഗുണനിലവാരം ഇല്ലാത്തത് എന്നറിയാൻ വളരെ ബുദ്ധിമുട്ടാണ്. ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും ഇതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനംകൂടി ഇതോടൊപ്പം നടത്താൻ തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യവും ശ്രീ. മത്തായി ചാക്കോ പറഞ്ഞ കാര്യവും വളരെ ഗൗരവം ഉള്ളതുതന്നെയാണ്. എന്തു ചെയ്യുമ്പോഴും അത് നിയമപരിധിക്കുള്ളിൽ നിന്നുകൊണ്ടുതന്നെയാണ് ചെയ്യുന്നത്. ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ ഫ്രീസ് ചെയ്യാൻ കഴിയും. അതുപോലെതന്നെ കമ്പനിയെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യാനും കഴിയും. അല്ലെങ്കിൽ വീഴ്ചകൾക്കനുസരിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും. ഇതൊക്കെയാണ് ചെയ്യാൻ കഴിയുന്നത്.

*ശ്രീ. കെ. പി. രാജേന്ദ്രൻ:* ഈ മെഡിക്കൽ ഷോപ്പുകളുടെ പരിശോധന, അതുപോലെ ഗുണനിലവാരം ഇല്ലാത്ത മരുന്ന് എവിടെ ഉൽപ്പാദിപ്പിക്കുന്നു, എങ്ങനെ വിപണനം നടത്തുന്നു എന്നതിനെക്കുറിച്ചുള്ള പരിശോധനയെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് സ്വകാര്യ ആശുപത്രികളാണ്. ഗ്രാമപ്രദേശങ്ങളിലുൾപ്പെടെ ഹൈടെക് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുണ്ട്. അവിടെയൊക്കെ അവരുടെ ഫാർമസികൾ ഹോസ്പിറ്റലിനകത്തുണ്ട്. ഹോസ്പിറ്റലിലെ ഡോക്ടർമാർ എഴുതുന്ന മരുന്നുകൾ അവിടെനിന്നുതന്നെ വാങ്ങണം. കാരണം ആ മരുന്നുകൾ പുറത്തുള്ള ഒരു മെഡിക്കൽ ഷോപ്പുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകില്ല. അവിടെ മാത്രമേ ഉണ്ടാവുകയുള്ളു. വളരെ വിലപിടിപ്പുള്ള മരുന്നാണ്. ഇതിനെക്കുറിച്ചുള്ള പരാതികളുമുണ്ട്. ആവശ്യമില്ലാത്ത മരുന്നും ഇത്തരം മെഡിക്കൽ ഷോപ്പുകളിൽനിന്ന് വാങ്ങാൻ നിർബന്ധിക്കപ്പെടുന്നുണ്ട്. അത്തരം ആശുപത്രികളിൽ ഡ്രഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കർശനമാക്കാൻ routine ആയിട്ടുള്ള പരിശോധനാനടപടി സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*: സ്വകാര്യ ആശുപത്രികളിലെ പരിശോധനയ്ക്ക് ഗവൺമെന്റിന് ചില പരിമിതികളുണ്ട്. അത് വളരെ ഇഫക്ടീവായിട്ട് നടത്തേണ്ടതാണ്. ഇതിനാവശ്യമായ നിയമനിർമ്മാണമാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്.

*ശ്രീ. എം. മുരളി:* ഇവിടെ ശ്രീ. രാജേന്ദ്രൻ ചൂണ്ടിക്കാണിച്ചതുപോലെ സ്വകാര്യ ആശുപത്രികളിലും ഫാർമസികളിലും ഡ്രഗ്സ് ഇൻസ്പെക്ടർമാർക്കോ നമുക്കാർക്കെങ്കിലുമോതന്നെ എത്തിനോക്കാൻ കഴിയാത്ത രീതിയിൽ മരുന്നുകൾ വിതരണം ചെയ്യുന്നതുപോലെതന്നെ നിരോധിത മരുന്നുകളും വ്യാജ മരുന്നുകളും വ്യാപകമായി വിറ്റഴിക്കുകയാണ്. അപ്പോൾ ഡ്രഗ്സ് ഇൻസ്പെക്ടേഴ്സോ നമ്മുടെ ഇന്നത്തെ സംവിധാനമോ വിചാരിച്ചാൽ അത് നിയന്ത്രിക്കാൻ കഴിയാത്ത നിലയിൽ അവർ ഇതുമായി പൊരുത്തപ്പെട്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ വിദേശത്ത് നിരോധിച്ച മരുന്നുകൾ, ഈ മരുന്നുകളുടെ പേരുകൾപോലും നമുക്കറിയില്ല, സാധാരണക്കാരായ ജനങ്ങൾക്കറിയില്ല. വിദേശത്ത് നിരോധിച്ച മരുന്നുകൾ കള്ളക്കടത്ത് നടത്തി മെഡിക്കൽ ഷോപ്പുകളിലൂടെയും ഫാർമസികളിലൂടെയും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു എന്നുള്ളത് ഗവൺമെന്റ് ഗൗരവമായി എടുത്തുകൊണ്ട് ഈ ഫാർമസികളിലും മെഡിക്കൽ ഷോപ്പുകളിലും ഈ വിദേശത്തെ മരുന്നുകൾ വിതരണം ചെയ്യുന്നത് പ്രത്യേകം കണ്ടെത്തി അത് തടയാനുള്ള നടപടി സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*: അങ്ങ് ഈ അടുത്തകാലത്ത് അമേരിക്കയിലൊക്കെപോയി തിരിച്ചുവന്നതുകൊണ്ട് അങ്ങേയ്ക്ക് ഇക്കാര്യത്തിൽ ശരിയായ ഒരു അറിവുണ്ടാകുമെന്നാണ് ഞാൻ ധരിക്കുന്നത്. അതുകൊണ്ടായിരിക്കണം അങ്ങ് ഇത് പറഞ്ഞത്. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് ചെയ്യുന്നുണ്ട്. ഡ്രഗ് ഇൻസ്പെക്ടർമാർ ഫാർമസികളിലൊക്കെപോയി പരിശോധന നടത്തുന്നുണ്ട്. അങ്ങനെ പരിശോധന നടത്തി കിട്ടുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം കുറഞ്ഞതാണെങ്കിൽ അതിനുള്ള നടപടികൾ എടുക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. അല്ലാതെ പരാതി കിട്ടുമ്പോൾ സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്. ഇൻസ്പെക്ഷൻ നടത്തി മരുന്നുകൾ പരിശോധിച്ച് അതിനാവശ്യമായിട്ടുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. രാജു എബ്രഹാം:* വ്യാജ മരുന്ന് മാഫിയകളുടെ ഇന്ത്യാ രാജ്യത്തിലെ ഏറ്റവും വലിയ കേന്ദ്രം ഡൽഹിയിലെ ഭഗീരഥ പാലസ് സ്ട്രീറ്റാണ്. ഇവിടെനിന്നുള്ള ഏജന്റുമാർ തിരുവനന്തപുരത്ത് ഹോട്ടലുകളിൽ മുറിയെടുത്ത് കമ്മീഷൻ കൊടുക്കുകയാണ്. ഇത് വ്യാജമാണെന്ന് കണ്ടുപിടിച്ചാൽ ഇവരുടെ അഡ്രസ്പോലും പിന്നീട് ലഭിക്കാറില്ല. അതുകൊണ്ട് നേരിട്ട് കമ്പനികളുമായി പർച്ചേസ് നടത്താനുള്ള ക്രമീകരണം ഉണ്ടാകുമോ? അതോടൊപ്പംതന്നെ ഈ മരുന്ന് കണ്ടുപിടിച്ചാൽ ആ ബാച്ച് വിറ്റ് കഴിയുമ്പോഴായിരിക്കും ഇത് വ്യാജമാണെന്ന് കണ്ടെത്തുന്നത്. അതുകൊണ്ട് കണ്ടുപിടിച്ചാൽ രണ്ട് ദിവസത്തിനുള്ളിൽ ഇതിനാവശ്യമായ നടപടിയുണ്ടാകാൻ ഗവൺമെന്റ് അടിയന്തിരമായി ശ്രമിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഇങ്ങനെയുള്ള വ്യാജമരുന്ന് കമ്പനികളുണ്ട്. അത്തരത്തിലുള്ള വ്യാജമരുന്ന് കമ്പനികളെ ഒഴിവാക്കുന്നതിനുവേണ്ടിയാണ് പുതിയ ഡ്രഗ് പർച്ചേസ് പോളിസി ഈ വർഷം കൊണ്ടുവന്നത്. ഡ്രഗ് പർച്ചേസ് പോളിസിയിൽ ബന്ധപ്പെട്ട കമ്പനികൾ പരിശോധിക്കാനുള്ള വ്യവസ്ഥകളുണ്ട്. അതിനനുസരിച്ച് കേരളത്തിൽ ഈ വർഷം മുതൽ പുതിയതായി ഇത് നടപ്പിലാക്കുകയാണ്. ഏതെങ്കിലും വ്യാജ മരുന്നുകളുടെ പേര് ഇവിടെ സി.പി.സി. ലിസ്റ്റിൽ കടന്നുകൂടുന്ന സമ്പ്രദായം ഒഴിവാക്കണമെന്നുള്ളതുകൊണ്ട് തന്നെയാണ് വളരെ ഗൗരവതരമായി ഗവൺമെന്റ് ഇക്കാര്യം കണക്കിലെടുത്തത്, ഡ്രഗ് പർച്ചേസ് പോളിസിയിൽ അതിനാവശ്യമായ വ്യവസ്ഥകളുണ്ടാക്കിയത്. എല്ലാ കമ്പനികളും പോയി പരിശോധിക്കാനുള്ള പരിമിതികളുണ്ട്. എങ്കിലും വിവിധ ടീമുകൾ പോയി പല സംസ്ഥാനങ്ങളിലുള്ള കമ്പനികൾ പരിശോധിച്ചിട്ടുണ്ട്. അങ്ങനെ പരിശോധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തവണ സെൻട്രൽ പർച്ചേസ് കമ്മിറ്റിയിൽ അവർക്ക് മരുന്ന് കാട്ട് ചെയ്യാനുള്ള അവകാശം കൊടുത്തിട്ടുള്ളു.

*ശ്രീ. ഇസ്ഹാക് കുരിക്കൾ:* വ്യാജമരുന്ന് കഴിച്ചതിനുശേഷം ചികിത്സിക്കുന്നതിനേക്കാളും നല്ലത് വ്യാജമരുന്ന് തടയുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് മെഡിക്കൽ ഷോപ്പുകാരും ഡ്രഗ് ഇൻസ്പെക്ടർമാരും വളരെ സൗഹാർദ്ദപരമായി തോളിൽ കയ്യിട്ട് ഭക്ഷണം കഴിക്കാൻ പോകുന്നത് നാം കണ്ടിട്ടുണ്ട്. അത് നിർത്തലാക്കാൻ മൊബൈൽ സ്ക്വാഡ് വളരെ ആവശ്യമാണ്. ഡി.എം.ഒ.യുടെ നേതൃത്വത്തിൽ ജില്ല മാറിയിട്ട് അല്ലെങ്കിൽ ഹെൽത്ത് ഡയറക്ടറുടെ കീഴിൽ, അല്ലെങ്കിൽ ഹെൽത്ത് ഡയറക്ടർ നേരിട്ട് സന്ദർശനം നടത്താനും ചെക്ക് ചെയ്യാനുമുള്ള നടപടികളുണ്ടാകണം. സെയിൽസ് ടാക്സ് ഓഫീസർമാർ എല്ലാ മെഡിക്കൽ ഷോപ്പുകളും ചെക്ക് ചെയ്യുന്നുണ്ട്. പക്ഷേ, ഡ്രഗ് ഇൻസ്പെക്ടർമാർ ചെന്നാൽ അവരെ സ്വാഗതം ചെയ്യുകയാണ്. അത് നിർത്തലാക്കി ജനങ്ങളുടെ ജീവൻ കൊണ്ട് പന്താടുന്ന അവസ്ഥ മാറ്റിയെടുക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മൊബൈൽ സ്ക്വാഡ് ജില്ലാതലങ്ങളിൽ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? അതുവഴി വ്യാജമരുന്ന് നിർത്തൽ ചെയ്യാൻ അങ്ങ് ശ്രദ്ധിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ കാര്യമായ നിർദ്ദേശമാണ്. ഗവൺമെന്റ് അത് വളരെ ഗൗരവമായിത്തന്നെ പരിശോധിക്കുന്നതാണ്.

*ശ്രീ. എ. കെ. ബാലൻ:* ചില സ്വകാര്യ ആശുപത്രികളാണ് യഥാർത്ഥത്തിൽ വ്യാജമരുന്നിന്റെ ഉറവിടം. 2003-ലെ സി.ആന്റ് എ.ജി റിപ്പോർട്ടുപ്രകാരം സംസ്ഥാനത്തെ നാലായിരത്തിൽപ്പരം സ്വകാര്യ ആശുപത്രികളിൽ 173 എണ്ണത്തിന് മാത്രമേ ഡിപ്പാർട്ടുമെന്റിന്റെ ലൈസൻസ് ലഭിച്ചിട്ടുള്ളൂ. ഈ ലൈസൻസ് വ്യവസ്ഥ ഭരണഘടനാ വിരുദ്ധമാണെന്ന് പറഞ്ഞുകൊണ്ട് Private Medical Practitioners Association കേരള ഹൈക്കോടതിയിൽ ഒരു കേസ് 1999-ൽ കൊടുത്തു. ഹൈക്കോടതി ഡിപ്പാർട്ടുമെന്റിന് അനുകൂലമായി വിധി പറഞ്ഞു. അതിനെതിരായിട്ട് അസോസിയേഷൻ സുപ്രീംകോടതിയിൽപോയി സ്റ്റേ വാങ്ങി. ഇപ്പോൾ എന്താണ് സ്ഥിതി? ഏത് ആശുപത്രിയും ആർക്കും തുടങ്ങാം. ഒരു ലൈസൻസും എടുക്കണ്ട. ഇതുവരെ ഈ സ്റ്റേ വെക്കേറ്റ് ചെയ്യാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഇതിന്റെ ഭാഗമായി വ്യാജമായ നിരവധി മരുന്നുകളുടെ ഉൽപ്പാദന കേന്ദ്രമായിരിക്കുകയാണ് നമ്മുടെ സ്വകാര്യ ആശുപത്രികൾ. അതുകൊണ്ട് ഈ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; നേരത്തെ ഇവിടെ ശ്രീ. മത്തായി ചാക്കോ സൂചിപ്പിച്ചതുപോലെ ഇപ്പോൾ 1940-ലെ ഔഷധ സൗന്ദര്യവർദ്ധക നിയമവും അതിന്റെ ഭാഗമായി വന്ന 1945-ലെ റൂൾസും പരിഷ്കരിച്ച് കേരള നിയമസഭ ഒരു നിയമനിർമ്മാണത്തിന് രൂപം കൊടുക്കുമോ എന്നുള്ളതാണ് പ്രസക്തമായ ചോദ്യം.

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ചില യാഥാർത്ഥ്യങ്ങളുണ്ട്. ഗവൺമെന്റ് അത് വളരെ ഗൗരവമായിട്ടാണ് കാണുന്നത്. അതുകൊണ്ടാണ് സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാനാവശ്യമായ നിയമനിർമ്മാണം ഈ സംസ്ഥാനത്ത് ആവശ്യമാണെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. ഒരു നിയമ നിർമ്മാണത്തിന് രൂപം കൊടുക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരികയുമാണ്. അത് തീർച്ചയായിട്ടും പരിശോധിക്കും.

*ശ്രീ. സി. പി. മുഹമ്മദ്:* അലോപ്പതിയേക്കാൾ ഏറ്റവും വ്യാജമരുന്ന് പ്രത്യക്ഷപ്പെടുന്നത് ആയുർവ്വേദ രംഗത്താണ്. ഇന്ത്യയിൽത്തന്നെ എയ്ഡ്സിന് വേണ്ടിയുള്ള വ്യാജമരുന്നുകൾ ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത് കേരള സംസ്ഥാനത്താണ്. ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. പാരമ്പര്യമായി പ്രശസ്തമായ വൈദ്യകുടുംബങ്ങൾക്കോ ആയുർവ്വേദ ബിരുദമുള്ളവർക്കോ അല്ലാതെ വാളെടുത്തവനെല്ലാം വെളിച്ചപ്പാടാകുന്ന സ്ഥിതിയാണ് ആയുർവ്വേദ മരുന്നുകളുടെ ഉൽപ്പാദന രംഗത്തുള്ളത്. ഈ രംഗത്ത് ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് പോലെയുള്ള സംവിധാനമില്ല. ലൈസൻസ് കൊടുക്കുന്നതിനുപോലും എക്സൈസിന്റെ അനുവാദം വേണം. ഇത് ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമോ? ഈ രംഗത്തുള്ള വമ്പിച്ച വ്യാജമരുന്നുകളുടെ പ്രത്യക്ഷപ്പെടൽ ഈ സംസ്ഥാനത്ത് അവസാനിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* വ്യാജമരുന്നുകൾ ധാരാളം വിപണിയിലുണ്ട് എന്ന മെമ്പറുടെ പരാമർശം ഒരു പരിധിവരെ ശരിയാണ്. ഈ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അതുപോലെതന്നെ അതിന് പരസ്യം ചെയ്യുന്നതിനും good manufacturing practice സർട്ടിഫിക്കറ്റ് വേണം. ആ സർട്ടിഫിക്കറ്റുണ്ടെങ്കിൽ മാത്രമേ ഇത് പരസ്യം ചെയ്ത് വിൽപ്പന നടത്താൻ കഴിയുകയുള്ളൂ. അങ്ങനെ അല്ലാത്ത കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുമ്പോൾ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

*ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* കള്ളപ്പണം സമൂഹത്തിൽ ഒഴുകുന്നതുപോലെ വ്യാജമരുന്നും വിപണിയിൽ ഒഴുകുകയാണെന്ന് അങ്ങ് തന്നെ സമ്മതിക്കുകയുണ്ടായി. ബഹുരാഷ്ട്ര കമ്പനികൾ ലോകവ്യാപകമായി ഔഷധരംഗം കീഴടക്കി, ഉൽപ്പാദന ചെലവുമായി യാതൊരു താരതമ്യവുമില്ലാത്ത വില നിശ്ചയിച്ചുകൊണ്ട് 40 ശതമാനവും 50 ശതമാനവും കമ്മീഷൻ കൊടുത്തും ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകിയും വിപണി കൈയടക്കിക്കൊണ്ടിരിക്കുകയാണ്. വ്യാജമരുന്നിനെ സംബന്ധിച്ച് പറയുന്നതുപോലെതന്നെ ഗൗരവതരമാണ് ചികിത്സയ്ക്കുള്ള ചെലവിന്റെ വർദ്ധനവും. ഒരു പ്രചരണവുമില്ലാതെ ജീവൻരക്ഷാ ഔഷധങ്ങൾ വളരെ ഗുണമേൻമയുള്ള നിലയിൽ നിർമ്മിക്കാൻ സഹകരണ മേഖലയ്ക്കും അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സാധിക്കുന്നതാണ്. ഗവൺമെന്റ് ഒരു കൺസോർഷ്യമുണ്ടാക്കി മൂലധന നിക്ഷേപം കണ്ടെത്തി ആഭ്യന്തര ആവശ്യത്തിന് വേണ്ടിയുള്ള ജീവൻരക്ഷ മരുന്നുകൾ നിർമ്മിച്ചാൽ ഇന്ന് വില കൊടുത്തു വാങ്ങുമ്പോൾ കൊടുക്കേണ്ടതിന്റെ പകുതി, 50% വിലയ്ക്ക് വിൽക്കാൻ സാധിക്കും. ആ രീതിയിലുള്ള ഒരു പദ്ധതി കേരളത്തിന്റെ തനത് പദ്ധതിയായിട്ട് അവതരിപ്പിച്ച് അങ്ങ് ഈ രാജ്യത്തിന് മാതൃകയാണെന്ന് ലോകത്തിന് പറയാൻ സാധിക്കുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്യുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* അങ്ങ് പറഞ്ഞത് പൂർണ്ണമായി ശരിയല്ല. വ്യാജ മരുന്നുകൾ വിപണിയിൽ വ്യാപകമായി ഒഴുകുന്നു എന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല. വ്യാജമരുന്നുകൾ ഉണ്ടെന്നുള്ള പരാതി കിട്ടി. പരാതി കിട്ടിയപ്പോൾത്തന്നെ പരിശോധിക്കുവാൻ പറഞ്ഞിട്ടുണ്ട്. പത്ത്, മുന്നൂറ് സാമ്പിൾസ് എടുത്തിട്ടുണ്ട്. ആ സാമ്പിളുകൾ ടെസ്റ്റുചെയ്ത് റിസൾട്ട് കിട്ടിയാൽ മാത്രമേ വ്യാജമരുന്നുകൾ എത്രത്തോളമുണ്ടെന്ന് വ്യക്തമായി പറയാൻ കഴിയുകയുള്ളൂ. വ്യാജമരുന്നുകൾ ഉണ്ടെന്നുള്ള റിപ്പോർട്ട് വന്നപ്പോൾത്തന്നെ അത് വളരെ ഗൗരവമായിട്ടാണ് ഗവൺമെന്റ് കണ്ടത്. കാരണം ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടുള്ള ഏറ്റവും കാതലായിട്ടുള്ള ഒരു പ്രശ്നമാണ്. വ്യാജമരുന്നുകൾ കഴിച്ചാൽ രോഗം മാറാൻ പോകുന്നില്ല. അത് ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ടുതന്നെയാണ് ഗവൺമെന്റ് അക്കാര്യം ഗൗരവമായി എടുത്തത്. സാമ്പിളുകൾ ടെസ്റ്റ് ചെയ്ത് റിസൾട്ട് കിട്ടണമെങ്കിൽ ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും വേണ്ടിവരും. ആ ടെസ്റ്റ് റിസൾട്ട് കിട്ടിയാൽ മാത്രമേ ഗവൺമെന്റിന് ആ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. വ്യാജമരുന്നാണെന്നു പറഞ്ഞിട്ട് എന്തെങ്കിലും പിടിച്ചെടുത്തിട്ട് അപ്പോൾത്തന്നെ നടപടിയെടുക്കുവാൻ കഴിയുകയില്ല. അതുപോലെ തന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്. ഗവൺമെന്റിന് ഒരുപാട് പരിമിതികളുണ്ട്. സാമ്പത്തികമായ പരാധീനതയുണ്ട്. തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും.

*ശ്രീ. കെ. കെ. ഷാജു:* നിരോധിതമരുന്നുകളും വ്യാജമരുന്നുകളും ഇന്ന് നമ്മുടെ നാട്ടിൽ ഒരു യാഥാർത്ഥ്യമാണ്. ഇതു സംബന്ധിച്ചുള്ള പരിശോധനയിൽ വിൽക്കുന്ന ആളുകളും പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള ഒരു സ്വകാര്യ ഏർപ്പാടായി ഇത് നിൽക്കുകയാണ്. അതിന് ഒരു മാറ്റം ഉണ്ടാക്കുവാൻവേണ്ടി ഡിസ്പെൻസറികൾ, മരുന്നു വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകൾ അതുപോലെതന്നെ സ്വകാര്യ ആശുപത്രികൾ ഇത്തരം സ്ഥലങ്ങളിൽ നിരോധിച്ച മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കി പൊതുജനങ്ങൾക്ക് അവെയർനസ് ഉണ്ടാകുന്നതരത്തിൽ പ്രത്യേകം പ്രദർശിപ്പിക്കുവാൻ ആവശ്യമായ നടപടി അങ്ങ് സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* പൊതുവേ സമൂഹത്തിൽ ചില കുഴപ്പങ്ങളൊക്കെയുണ്ടല്ലോ? ഈ പറഞ്ഞതുപോലെ ഒറ്റപ്പെട്ട സംഭവങ്ങൾ കാണുമായിരിക്കും. ഡ്രഗ് ഇൻസ്പെക്ടർമാരും മെഡിക്കൽ സ്റ്റോറുകാരും തമ്മിൽ ഈ കാര്യങ്ങളിൽ എന്തെങ്കിലും ഒത്തുകളിയോ എന്തെങ്കിലും പ്രശ്നങ്ങളോ ഉണ്ടാക്കുന്നുണ്ടെങ്കിൽ ഗവൺമെന്റ് അപ്പപ്പോൾ അത്തരത്തിലുള്ള ആളുകൾക്കെതിരെ ശക്തമായ നടപടികൾ എടുക്കുന്നുണ്ട്.

*ശ്രീ. ബിനോയ് വിശ്വം:* ചാത്തൻ ബ്രാന്റുകൾ എന്നപേരിൽ വ്യാജ കമ്പനികളുടേതായ മരുന്നുകൾ ഈ മേഖലയെ മൊത്തമായി കീഴ്പ്പെടുത്തി കൊണ്ടിരിക്കുകയാണ്. ഡോക്ടർമാർക്ക് പലർക്കും താൽപര്യം ചാത്തൻ സേവയിലാണെന്നും റിപ്പോർട്ടുകളുണ്ട്. അതിന്റെ ഭാഗമായിത്തന്നെ പറയുകയാണ്. ഒമ്പതു മാസം മുമ്പ് പാകിസ്ഥാനിൽനിന്നും വ്യാജമരുന്നുകൾ വ്യാപകമായിട്ട് കൊണ്ടു വരുന്നതായി റിപ്പോർട്ടുണ്ടായിരുന്നു. ഇത് വളരെ ഗൗരവമേറിയ കാര്യമാണെന്നു പറഞ്ഞ് ഞാൻ ഒരു കത്ത് മുഖ്യമന്ത്രിക്ക് കൊടുത്തു. പാകിസ്ഥാനിൽനിന്നുള്ള വ്യാജ മരുന്നുകൾ രണ്ടു പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഒന്ന്, ആരോഗ്യപരമായിട്ടുള്ള പ്രശ്നങ്ങൾ; രണ്ട്, അതുണ്ടാക്കുന്ന മറ്റൊരുപാടുകാര്യങ്ങൾ. ഒമ്പതു മാസമായിട്ടു പോലും അതിൽ ഒരു അന്വേഷണം ഉണ്ടായോ എന്നും എന്തു കണ്ടെത്തിയെന്നും പ്രതിവിധി എന്തായിയെന്നുമുള്ളതിനെ സംബന്ധിച്ചിടത്തോളം ഉത്തരം കിട്ടിയിട്ടില്ല. ദയവായി ഇതേപ്പറ്റിയുള്ള ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* തീർച്ചയായും പരാതികൾ കിട്ടുമ്പോൾ അപ്പപ്പോൾ അന്വേഷിക്കുന്നുണ്ട്. പരാതികൾ കിട്ടുമ്പോൾ അന്വേഷിക്കുക മാത്രമാണ് ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്. അന്വേഷിച്ച് ആ കാര്യങ്ങളിൽ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കും. അത് എന്താണെന്ന് ഞാൻ പരിശോധിക്കാം. അല്ലാതെ എനിക്ക് പറയാൻ കഴിയുകയില്ല. ഞാൻ പരിശോധിച്ച് പറയാം.

*ശ്രീ. കെ. എൻ. എ. ഖാദർ:* അലോപ്പതി–ആയുർവ്വേദ മരുന്നുകളുടെ നിർമ്മാണ കാര്യത്തിലും വിതരണരംഗത്തും സർക്കാരിന്റെ നിയന്ത്രണശേഷി എന്നുപറയുന്നത് വളരെവളരെ ദുർബലമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുന്ന ഉത്തരങ്ങൾക്ക് സന്മനസ്സിന്റെ പിൻബലമുണ്ടെങ്കിലും ഈ സംവിധാനത്തിന്റെ പിൻബലമില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ മേഖല വാണിജ്യവൽക്കരിക്കപ്പെട്ടതുകൊണ്ട് ഈ സംഭവം വ്യാപകമാകുവാനാണ് സാദ്ധ്യത. അതുകൊണ്ട് എല്ലാ ജില്ലകളിലും മെങ്കിലും ഈ മെഡിക്കൽ രംഗത്ത് ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ജനപ്രതിനിധികളുടെയും പരാതിക്കാരുടെയും ഒരു അദാലത്ത് സംഘടിപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* നിയമങ്ങളിലൊക്കെ കാലാനുസൃതമായ മാറ്റം വേണം. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് ഫുൾ പ്രൂഫ് ആണെന്നൊന്നും പറയാൻ പറ്റുകയില്ല. കാലാനുസൃതമായി ചില മാറ്റങ്ങളൊക്കെ വേണ്ടിവരും. അത് നമുക്ക് പരിശോധിക്കാവുന്നതാണ്. നമ്മുടെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കാവുന്നതാണ്.

*ശ്രീ. എം. വി. ജയരാജൻ:* ഇവിടെ നാട്ടിൽ പരക്കെ അറിയുന്ന ഒരു കാര്യമാണ് ചാത്തൻമരുന്നുകൾ എന്നറിയപ്പെടുന്ന വ്യാജമരുന്നുകൾ. ഇന്നിപ്പോൾ അത് നമ്മുടെ ആരോഗ്യത്തെപ്പോലും കാർന്നുതിന്നുകയാണ്. നമുക്ക് എന്തൊക്കെ രോഗങ്ങളുണ്ടോ അത് പരിഹരിക്കുവാനാണ് മരുന്ന്. പക്ഷേ, അതിന് നേരെ എതിരായ വിധത്തിലാണ് ഈ മരുന്നിന്റെ കണ്ടന്റ് എന്നാണ് ശാസ്ത്രീയമായി ഇപ്പോൾ ആളുകൾ പറയുന്നത്. ഒരു ആന്റിബയോട്ടിക് ആണ് ആന്റിബൻ എന്ന ക്യാപ്സൂൾ. അതുപോലെതന്നെ പെയിൻ വന്നാൽ, പനി വന്നാലൊക്കെ ഉപയോഗിക്കുന്ന ചില മരുന്നുകളുണ്ട്. റിമോൾ എന്നുപറയുന്ന ടാബ്ലറ്റ്, ജിയോജസ്മിക് എന്നു പറയുന്ന ടാബ്ലറ്റ്, ഇതെല്ലാം മഹാബയോ എന്നുപറയുന്ന ഗുജറാത്തിലെ ഒരു കമ്പനിയാണ് ഉൽപ്പാദിപ്പിച്ച് തൃശ്ശൂർ കേന്ദ്രമാക്കി ഇവിടെ വിപണിയിൽ എത്തിക്കുന്നത്. ഇത് പ്രധാനമായും പത്ത് ബോക്സ് കൊടുത്താൽ പത്ത് ബോക്സ് ഫ്രീയാണ്. ചില ഡോക്ടർമാർക്ക് ഗോൾഡ്, ക്യാഷ്, ഇതൊക്കെയാണ് സമ്മാനമായി കൊടുക്കുന്നത്. ഇത് ക്ലിനിക്കുകൾ എന്ന പേരിൽ അവിടെ ഫാർമസികൾ നടത്തി അതിലൂടെയാണ് വിതരണം ചെയ്യുന്നത്. നമുക്കുള്ള നിയമപരമായ ഒരു പോരായ്മ നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് ഈ ഫാർമസികളായി പ്രവർത്തിക്കുന്ന ആശുപത്രികളിലെ ക്ലിനിക്കുകളിൽപോയി പരിശോധിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. നിങ്ങൾ കേന്ദ്രനിയമത്തിൽ ഭേദഗതി പറഞ്ഞു. അതു വരുത്താൻ കഴിയും. സംസ്ഥാന നിയമത്തിൽ മരുന്നുഷോപ്പുകളും, ഫാർമസികളും പരിശോധിക്കുന്നതുപോലെ ക്ലിനിക്കുകളിലെ ഫാർമസികൾ പരിശോധിക്കുവാൻ നിയമം ഉണ്ടാക്കിയാൽ, അധികാരം നൽകിയാൽ ഇത് ഒരുപാട് തടയാൻ കഴിയും. അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയമഭേദഗതി കൊണ്ടുവന്ന് ഈ ചാത്തൻ മരുന്നുകളെ നിയന്ത്രിക്കുവാൻ, ഇവിടെ ഡമ്പ് ചെയ്യുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ചാത്തൻസ് എല്ലാ മേഖലകളിലുമുണ്ട്. ഈ മരുന്നുകാര്യത്തിൽ മാത്രമല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമായിട്ട് ഗവൺമെന്റ് പരിശോധിക്കും. നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്നത് ചെയ്യും. ഇത് കേന്ദ്ര ആക്ടാണ്. കേന്ദ്ര നിയമമനുസരിച്ച് സംസ്ഥാന സർക്കാരിന്റെ പരിധിക്കുള്ളിൽനിന്ന് എന്തുചെയ്യാൻ പറ്റുമെന്ന് തീർച്ചയായും പരിശോധിക്കുന്നതാണ്. ഇന്ത്യയിൽ വ്യാജമരുന്നുകളുടെയും ഗുണനിലവാരമില്ലാത്ത മരുന്നുകളുടെയും നിർമ്മാണത്തെയും വിതരണത്തെയും സംബന്ധിച്ച് ഡോ. എ. ആർ. മഷേൽക്കർ കമ്മിറ്റി പഠനം നടത്തി കേന്ദ്ര സർക്കാരിന് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുപ്രകാരം ഇന്ത്യയിൽ പ്രചരിക്കുന്ന വ്യാജമരുന്നുകൾ 0.24 മുതൽ 0.47 വരെയാണെന്നാണ് കണക്ക്. ഈ പറയുന്ന തരത്തിൽ വ്യാപകമായിട്ടുള്ള വ്യാജ മരുന്നുകൾ ഉണ്ടെന്നുള്ള വിശ്വാസം ഗവൺമെന്റിനില്ല. ഈ കമ്മിറ്റി സ്റ്റഡി നടത്തിയിട്ടുള്ള റിപ്പോർട്ടിൽത്തന്നെ പറയുന്നത് ഇന്ത്യയിലെ വിപണിയിൽ വ്യാജമരുന്നുകൾ 0.24%—0.47% വരേയുള്ളൂ എന്നാണ്.

*ശ്രീ. തോമസ് ഉണ്ണിയാടൻ:* വ്യാജമരുന്നുകളുടെ വിൽപ്പനപോലെതന്നെ ഏറെ ഗൗരവമുള്ളതാണ് വ്യാജഡോക്ടർമാരുടെ വ്യാജചികിത്സകളും വ്യാജസ്ഥാപനങ്ങളും. നമ്മുടെ സംസ്ഥാനത്തിന്റെ പല പ്രദേശങ്ങളിലും ഉണ്ട്. ചില പത്രങ്ങൾ എടുത്തു നോക്കിയാൽ നമുക്കു കാണാൻ കഴിയും. ഓരോ ചികിത്സകളും ഇപ്പോൾ പോസ്റ്റൽവഴി പഠിക്കാം. പ്രത്യേകിച്ച് ഹോമിയോ ചികിത്സാരീതി വരെ. ഇങ്ങനെയൊക്കെ പഠിച്ചിറങ്ങി വ്യാജബോർഡുവെച്ച് വ്യാജചികിത്സ നടത്തുവാനും അതുപോലെതന്നെ പൈൽസിന്റെ, അർശ്ശസിന്റെ അസുഖം മാറ്റാമെന്നു പറഞ്ഞ് പത്രപരസ്യം കൊടുക്കുന്നു. ഒരു തരത്തിലുള്ള ക്വാളിഫിക്കേഷനും ഇല്ലാതെ ഡോക്ടർമാർ എന്ന നിലയിൽ വ്യാജേന ചികിത്സ നടത്തി ഒരുപാട് അപകടങ്ങൾ ഉണ്ടാക്കും. ഇതൊക്കെ നിയന്ത്രിക്കണമെന്നുണ്ടെങ്കിൽ നമ്മുടെ സംസ്ഥാനം സമഗ്രമായ ഒരു മെഡിക്കൽ നിയമം ഉണ്ടാക്കണം. ട്രാവൻകൂർ ആക്ടിനുശേഷം നമുക്ക് ഒരു നിയമമില്ല. ഐ.എം.എ., ഐ.എച്ച്.എ., ഡോക്ടർമാരൊക്കെ നിരന്തരം ആവശ്യപ്പെടുന്നുണ്ട്. എന്തുകൊണ്ട് ഇത്രയും നാളായി ഒരു മെഡിക്കൽ നിയമം ഇവിടെ കൊണ്ടുവന്നില്ല? അടിയന്തിരമായി മെഡിക്കൽ നിയമം കൊണ്ടുവരാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* വ്യാജഡോക്ടർമാരും വ്യാജ മരുന്നുകളുമൊക്കെയുണ്ട്. ഇല്ല എന്നു പറയുന്നില്ല. ധാരാളം പരസ്യങ്ങൾ പല പത്രങ്ങളിലും കാണാം. അതുപോലെതന്നെ ബോർഡുകളുമൊക്കെത്തന്നെ കാണാം. പൂർണ്ണമായി പരിശീലനം ലഭിച്ച ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളാണോ എന്ന് തുടർച്ചയായി ചില പരസ്യങ്ങൾ കാണുമ്പോൾ സംശയം പറയുന്നുണ്ട്. പക്ഷേ, ഇതൊക്കെ നിരോധിക്കുന്നതിന് ആവശ്യമായ സമഗ്രനിയമനിർമ്മാണം വേണമെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ശരിയാണ്. അത് തീർച്ചയായും ഗവൺമെന്റ് പരിശോധിക്കും.

*ശ്രീ. ടി. എം. ജേക്കബ്:* ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടി നാലു ജില്ലകളിൽ വ്യാജമരുന്ന് കണ്ടുപിടിച്ചെന്നാണ്, തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, കണ്ണൂർ. അതുപോലെ താൽകാലികമായി ലൈസൻസ് റദ്ദാക്കിയ ഷോപ്പുകളുടെ ലിസ്റ്റും ഇവിടെ തന്നിട്ടുണ്ട്. ഈ പല മെഡിക്കൽ ഷോപ്പുകളിലും മാക്സിമം റീട്ടെയിൽ പ്രൈസ് എന്നു പ്രിന്റുചെയ്തതിനുശേഷവും അതിൽ കൂടിയ തുകയ്ക്ക് മരുന്നുകൾ വിൽക്കുകയും അത് കൊടുത്തില്ലെങ്കിൽ ആളുകൾക്ക് മരുന്നു കൊടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഇന്ന് നിലവിലിരിക്കുന്നു. അതുകൊണ്ട് നിയമമനുസരിച്ചുതന്നെ മെഡിക്കൽ ഷോപ്പുകൾ ധാരാളമുള്ള സാഹചര്യത്തിൽ അവിടെ റെയ്ഡ് നടത്താനും ഇങ്ങനെയുള്ള കുഴപ്പങ്ങൾ കാണിക്കുന്ന ആളുകൾക്കെതിരെ നടപടി സ്വീകരിക്കുവാനും അങ്ങ് തയ്യാറാകുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ബില്ലുകൊടുക്കാതെ ചിലപ്പോൾ വാങ്ങുന്നുണ്ടാകും. ബില്ലിൽ നിയമപ്രകാരമുള്ള സംഖ്യ മാത്രമേ വാങ്ങാൻ ഒക്കുകയുള്ളൂ. ബില്ലു കൊടുക്കാതെയൊക്കെ കൃത്രിമങ്ങൾ നടക്കുന്നുണ്ടായിരിക്കും.

*ശ്രീ. എ. സുജനപാൽ:* അങ്ങ് ഇവിടെ ഡ്രഗ് പർച്ചേസ് പോളിസിയെക്കുറിച്ച് പറയുകയുണ്ടായി. വാസ്തവത്തിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ ഇവിടെ ലഭിക്കുന്നതിനുള്ള പ്രധാനകാരണം ഡ്രഗ് പർച്ചേസ് പോളിസിയിലുള്ള ചില പാളിച്ചകളാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഗുണനിലവാരമുള്ള മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന കമ്പനികൾ, അത് വളരെ പ്രധാനപ്പെട്ട ഇന്ത്യയിലുള്ള കമ്പനികളും അന്തർദേശീയ കമ്പനികളുമൊക്കെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഗുണനിലവാരമുള്ള മരുന്നുകൾക്ക് വില കൂടുതലാണ്. ഡ്രഗ് പർച്ചേസ് പോളിസിയിൽ ഇതിനെ സംബന്ധിച്ച് ഗുണനിലവാരമുള്ള മരുന്നുകൾ വാങ്ങുവാൻപറ്റുന്ന രൂപത്തിലുള്ള വല്ല സംവിധാനവും ഉണ്ടാക്കിയിട്ടുണ്ടോ? ഇതിനകത്ത് പ്രത്യേക സംവിധാനം ഉണ്ടാക്കുവാൻവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഗുണനിലവാരമുള്ള മരുന്നുകൾ ഉറപ്പുവരുത്താൻ വേണ്ടി ചില നടപടികൾ ഡ്രഗ് പർച്ചേസ് പോളിസിയിൽ ഉണ്ട്. കമ്പനികൾക്ക് മാർക്കറ്റ് സ്റ്റാൻഡിംഗ് ക്രേസ് ഉണ്ടാകണം. 5 കോടി രൂപയുടെ ടേൺഓവർ ഉണ്ടാകണം. അപ്പോൾ ഏറ്റവും നല്ല കമ്പനികളായിരിക്കണമെന്ന് അർത്ഥം. സി.പി.സി. മരുന്ന് വാങ്ങുന്നതിനു മുമ്പുതന്നെ അതിന്റെ സാംപിൾ ടെസ്റ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തും. അതിനുശേഷമേ ഓർഡർ കൊടുക്കുകയുള്ളൂ. ഏറ്റവും കുറഞ്ഞ റേറ്റിൽ വരുന്ന കമ്പനികൾക്കാണ് ഓർഡർ കൊടുക്കുന്നത്. അതിനുപുറമെ റാൻഡം ചെക്കിംഗ് നടക്കുന്നുണ്ട്. അങ്ങനെ റാൻഡം ചെക്കിംഗ് നടത്തിയപ്പോഴാണ് സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്ത 25 മരുന്നുകൾ ഗുണനിലവാരമില്ലാത്തവയാണെന്ന് പറഞ്ഞത്. അവർക്കെതിരെ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:* മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടെന്ന് മന്ത്രി പറഞ്ഞു. മന്ത് രോഗത്തിനെതിരെ ഈ വർഷം സർക്കാർ തന്നെ മുൻകൈയെടുത്ത് വിതരണം ചെയ്ത ഗുളികകൾ ഗുണനിലവാരം കുറഞ്ഞതാണെന്നും പാർശ്വഫലങ്ങൾ ഉളവാക്കുന്നവയാണെന്നും വ്യക്തമായ വിമർശനമുണ്ടായിരുന്നു; പത്രവാർത്ത ഉണ്ടായിരുന്നു. അതിനെക്കുറിച്ച് എന്തെങ്കിലും പരിശോധന സർക്കാർ നടത്തിയിട്ടുണ്ടോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* പത്ര വാർത്തകൾ പലതും വരും. അതിന്റെ അടിസ്ഥാനത്തിൽ മാത്രം ഗുണനിലവാരമുണ്ടോ ഇല്ലയോ എന്ന് പറയാൻ പറ്റില്ല. പത്രവാർത്തകൾ വരുന്നതിനനുസരിച്ച് അപ്പപ്പോൾ പരിശോധിക്കാൻ നിർദ്ദേശം കൊടുക്കാറുണ്ട്. ഇതുവരെ അത് ഗുണനിലവാരമില്ലാത്തതാണെന്ന റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടില്ല.

*ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:* ഗ്രാമപ്രദേശങ്ങളിൽ ധാരാളം വിറ്റുവരുന്ന ആസവാരിഷ്ട്ങ്ങളിൽ ധാരാളം ആൾക്കഹോൾ കണ്ടന്റ് ഉള്ളതായി അറിയുന്നു. സാധാരണക്കാർ ജോലി കഴിഞ്ഞാൽ ഇത്തരം അരിഷ്ടമാണ് വാങ്ങി കഴിക്കുന്നത്. ഇതിൽ ഒരുപാട് ആൾക്കഹോൾ ഉണ്ടെന്ന് മനസ്സിലാക്കിയിട്ട് നടപടിയെടുക്കുന്നില്ല. അതിനെതിരെ നടപടിയെടുക്കാനുള്ള പരിപാടി തയ്യാറാക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* പരാതി കിട്ടിയാൽ എല്ലാം പരിശോധിക്കുന്നുണ്ട്. അങ്ങനെയല്ലേ ഗവൺമെന്റിന് ചെയ്യാൻ കഴിയുകയുള്ളൂ. എവിടെയെങ്കിലും ഇങ്ങനെയുള്ള പരാതികൾ വന്നാൽ അപ്പപ്പോൾ പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾത്തന്നെ ഗവൺമെന്റിലുണ്ട്.

*ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* ഫുഡ് ഗ്രേഡ് അല്ലാതെയുള്ള പ്ലാസ്റ്റിക് കണ്ടെയിനറുകളിൽ രാസക്കൂട്ടുകൾ ഉൾക്കൊള്ളുന്ന ഔഷധങ്ങൾ മെഡിക്കൽ സ്റ്റോറുകൾവഴി യഥേഷ്ടം വിറ്റഴിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഫുഡ് ഗ്രേഡ് നിഷ്ക്കർഷ പാലിച്ചുകൊണ്ട് പ്രസ്തുത പാക്കിംഗുകൾ മാത്രം ഉപയോഗപ്പെടുത്താൻ എന്ത് നടപടിയാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* അത് പരിശോധിക്കാം.

*ശ്രീ. സി. മമ്മൂട്ടി:* അലോപ്പതിയുടെ കാര്യത്തിൽ ആശുപത്രികളിൽ വാങ്ങുന്ന മരുന്നുകളുടെ ഗുണനിലവാരത്തിന് റാൻഡം ചെക്കിംഗ് പോലുള്ള സംവിധാനങ്ങളുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. എന്നാൽ വിദേശികളടക്കം ഏറ്റവും കൂടുതൽ ആകർഷിക്കപ്പെടുന്നത് ആയുർവ്വേദത്തിലാണ്. അത് വ്യാജമാണോ അല്ലയോ എന്ന് തിരിച്ചറിയാൻ പോലും യാതൊരു മാർഗ്ഗവുമില്ല. അതുകൊണ്ട് ആയുർവ്വേദ മരുന്നുകൾ വ്യാജമാണോ എന്ന് പരിശോധിക്കാനും ഗുണനിലവാരമില്ലാത്ത കമ്പനികളെ നിരോധിക്കാനും ഗവൺമെന്റ് തലത്തിൽ ശക്തമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ആയുർവ്വേദ മരുന്നുകളെപ്പറ്റി പത്രപരസ്യങ്ങൾ വരുന്നുണ്ട്. ജി.എം.പി. ഉണ്ടെങ്കിൽ മാത്രമേ അവർക്ക് ഒരു മരുന്ന് വിൽക്കാനും പരസ്യം ചെയ്യാനുമുള്ള അവകാശമുള്ളൂ. അല്ലാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി വന്നുകഴിഞ്ഞാൽ അവർക്കെതിരെ തീർച്ചയായും നടപടി എടുക്കും.

*ശ്രീ. പി. ജയരാജൻ:* വ്യാജവും ഗുണനിലവാരം ഇല്ലാത്തതുമായ മരുന്നുകളെ സംബന്ധിച്ച് സെൻട്രൽ പർച്ചേസ് കമ്മിറ്റി സ്ക്രൂട്ടിണി നടത്തുന്നതായി പറഞ്ഞു. അതുപോലെ സെൻട്രൽ പർച്ചേസ് കമ്മിറ്റി വിലയെ സംബന്ധിച്ചും കൃത്യമായ പരിശോധന നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. സെൻട്രൽ പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന ഹോൾസെയിൽ റേറ്റിൽ പല ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റികളും മരുന്ന് വാങ്ങിയിട്ട് പാവപ്പെട്ട രോഗികൾക്ക് കൊടുക്കുന്നുണ്ട്. സ്വകാര്യ മരുന്ന് ഷാപ്പുകളുടെ വിലയിൽ നിന്നും വലിയ വ്യത്യാസത്തോടുകൂടിയാണ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി മരുന്ന് കൊടുക്കുന്നത്. 12 പൈസയ്ക്ക് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി കൊടുക്കുന്നത് 75 പൈസയ്ക്കാണ് പുറത്തു നിന്ന് കിട്ടുന്നത്. കൂത്തുപറമ്പിലെ ഗവൺമെന്റ് ആശുപത്രിയിൽ നിന്ന് 10 ലക്ഷം രൂപയുടെ മരുന്നാണ് ഒരു വർഷം വിൽപ്പന നടത്തുന്നത്. അത്തരം മരുന്ന് വിൽപ്പനയുടെ കാര്യത്തിൽ ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റർമാർ തടസ്സം നിൽക്കുകയാണ്. പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാർ കുറിച്ചുകൊടുക്കുന്ന മരുന്നുകൾ ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയിൽ നിന്ന് വാങ്ങുന്നതിന് തടസ്സം സൃഷ്ടിക്കുന്ന നിലപാടാണ് ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഓഡിറ്റർമാരുടേത്. പാവപ്പെട്ട രോഗികൾക്ക് സഹായകരമായിട്ടുള്ള ഈ കമ്മിറ്റികളുടെ പ്രവർത്തനത്തെ തടയുന്ന നിലയിൽ ഹെൽത്ത് ഡിപ്പാർട്ടുമെന്റിലെ ഓഡിറ്റർമാർ നടത്തുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും തടയുന്നതിനും വേണ്ടി ഗവൺമെന്റ് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* തീർച്ചയായും അത് പരിശോധിക്കാവുന്നതാണ്.

*ശ്രീ. ടി. എൻ. പ്രതാപൻ:* ഇൻഡ്യയിൽ ആരോഗ്യ സംരക്ഷണത്തിൽ ഏറ്റവും കൂടുതൽ ആശങ്കയുള്ള ഒരു സമൂഹമാണ് കേരള സമൂഹം. അതുകൊണ്ടുതന്നെ ഏറ്റവുമധികം മരുന്നുകൾ വിൽക്കപ്പെടുന്നതും കേരളത്തിലാണ്. ഇവിടെ നിരോധിതമായ മരുന്നുകളും വ്യാജ മരുന്നുകളും വ്യാപകമാണ്. അത് തടയുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ സംഭാവന ചെയ്യാൻ കഴിയുന്നത് ഡോക്ടർ കമ്മ്യൂണിറ്റിക്കാണ്. അതുകൊണ്ട് ഐ.എം.എ. ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ പ്രധാനപ്പെട്ട സംഘടനകളുമായി ചർച്ച നടത്തി ഡോക്ടർ കമ്മ്യൂണിറ്റിയുടെ പിൻബലം ഇക്കാര്യത്തിൽ വാങ്ങിച്ച് വ്യാജ മരുന്നുകൾ എഴുതാതിരിക്കാനും വ്യാപിപ്പിക്കാതിരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* ഐ.എം.എ.-യും കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷനും മെഡിക്കൽ കോളേജ് ടീച്ചേഴ്സ് അസോസിയേഷനുമുണ്ട്. ഈ മേഖലകളിലെ സംഘടനകളുമായി ചർച്ച ചെയ്യണമെന്നുള്ള



LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം തീർച്ചയായും സ്വാഗതാർഹമാണ്. തീർച്ചയായും മെമ്പറുടെ നിർദ്ദേശം പരിശോധിക്കാവുന്നതാണ്.

*ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* കേരളത്തിൽ ആയുർവ്വേദ-ഹോമിയോ ചികിത്സകൾ വളരെ വ്യാപകമാവുകയാണ്. എന്നാൽ ഇവിടെ മന്ത്രി സൂചിപ്പിച്ചു ആയുർവ്വേദ-ഹോമിയോ മരുന്നുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതികളുണ്ടെങ്കിൽ പരിശോധിക്കാമെന്ന്. യഥാർത്ഥത്തിൽ ആയുർവ്വേദത്തിൽ അഷ്ടാംഗഹൃദയം ഉൾപ്പെടെയുള്ള കൃതികളിലും ഹോമിയോപ്പതിയുമായി ബന്ധപ്പെട്ട കൃതികളിലും നിർബന്ധമായി ഉപയോഗിക്കുന്ന മരുന്നുകളെ സംബന്ധിച്ചുള്ള സ്പെസിഫിക്കേഷൻസുണ്ട്. കേരളത്തിൽ അതിപ്പോൾ നിലവിലില്ല എന്നുള്ളതാണ് സത്യം. ആയുർവ്വേദ മേഖലയിലും ഹോമിയോ മേഖലയിലുമുള്ള നിർബന്ധമായി ഉപയോഗിക്കുന്ന മരുന്നുകൾക്ക് പ്രത്യേക സ്പെസിഫിക്കേഷൻ ഉണ്ടാക്കാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* പരിശോധിക്കാം.

*ശ്രീ. സി. മോയിൻകുട്ടി:* പേപ്പട്ടി വിഷത്തിനുള്ള മരുന്നുകൾ നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും ലഭ്യമാകുന്നില്ല. കോഴിക്കോട് മെഡിക്കൽകോളേജിൽപ്പോലും ഇതിന് ദൗർലഭ്യം അനുഭവപ്പെടുകയാണ്. അതുകൊണ്ടുതന്നെ മലബാർ പ്രദേശത്തു നിന്ന് ഊട്ടിയിൽ പോയി മരുന്ന് കൊണ്ടുവരുന്ന സാഹചര്യമാണ് ഇപ്പോൾ നമ്മുടെ പ്രദേശത്ത് നിലവിലുള്ളത്. മെഡിക്കൽ കോളേജിൽ മാത്രമല്ല, സി.എച്ച്.സി-യിലും വ്യവസ്ഥാപിതമായി ഈ മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ട ഉറപ്പ് നൽകാൻ അങ്ങേയ്ക്ക് സാധിക്കുമോ?

*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:* പേപ്പട്ടി വിഷത്തിനുള്ള മരുന്ന് സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ലിസ്റ്റിൽ തന്നെയുണ്ട്. എവിടെയെങ്കിലും മരുന്ന് ഇല്ലെങ്കിൽ ലോക്കൽ പർച്ചേസ് മുഖേന ഇത് വാങ്ങാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ച് എല്ലാ ഭാഗങ്ങളിലും അത് ലഭ്യമാക്കുന്നുണ്ട് എന്നാണ് ഗവൺമെന്റിന് കിട്ടിയ വിവരം. എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ തീർച്ചയായും പരിശോധിക്കാം. അതിനുപുറമെ എച്ച്.ഡി.സി.-ക്കും വാങ്ങി വിതരണം നടത്താൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതും വാങ്ങുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

**അനുബന്ധം II**

[27-7-2005-ലെ നക്ഷത്രചിഹ്നമിട്ട *4(373)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

| *Sl. No.* | *Name of Medical Store* | *No. of days suspended* |
|---|---|---|
| (1) | (2) | (3) |
| 1 | Pullakat Medicals, Manakkapady, Aluva | 2 |
| 2 | P.G. Medicals, T.D. Road, Ernakulam | 2 |
| 3 | R.P.G. Life Science Ltd., Ernakulam | 2 |
| 4 | Payyappallil Medicals, Vattaparambu, Aluva | 2 |
| 5 | Athanikal Medicals, Padamugal, Kakkanad | 2 |
| 6 | Rahul Drugs, Ernakulam | 5 |
| 7 | Noble Agencies, Kodungallur, Thrissur | 3 |
| 8 | Pakkath Medicals, Alanallur, Palakkad | 3 |
| 9 | Kalpana Medicals, Panur, Malappuram | 5 |
| 10 | Sree Vinayakas Medicals, Palakkad | 3 |
| 11 | K.C. Medicals, Alanallur, Palakkad | 3 |
| 12 | Libi Drugs, Kalpetta, Wayanad | 6 |
| 13 | Matha Pharma, Kottayam | 5 |
| 14 | Pranavam Medical Agencies, Kayamkulam, Alappuzha | 3 |
| 15 | Star Enterprises, Kollam | 3 |
| 16 | C.F.L. Pharmaceuticals Ltd., Ernakulam | 3 |
| 17 | Torrent Pharmaceuticals Ltd., Ernakulam | 3 |
| 18 | Gee A Gee Agencies, Sasthamangalam | 5 |
| 19 | City Drugs, Kozhikode | 5 |
| 20 | Nilambur Medicals, Nilambur | 3 |
| 21 | Poovadi Medicals, Nilambur | 3 |
| 22 | Kalpana Medicals, Ponnani | 5 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 23 | Simla Medicals, Shoranur | 3 |
| 24 | Ambika Medicals, Elappully, Palakkad | 5 |
| 25 | J.J. Medicals, Vadakkenchery, Palakkad | 3 |
| 26 | Jupiter Pharma, Irrinjalakkuda | 3 |
| 27 | Amritha Medicals, Kodakara | 3 |
| 28 | Shreyas Pharma, Paravoor | 3 |
| 29 | Health Care Pharma, Perumbavoor | 3 |
| 30 | L.A. Paul & Sons, Kochi | 3 |
| 31 | Unique Pharma, Kochi | 3 |
| 32 | G.K. Medical Supplies, Kochi | 3 |
| 33 | Vinayaka Pharma, Kochi | 3 |
| 34 | Bruklyn Associates, Aluva | 3 |
| 35 | Grace Medicals, Palluruthi, Kochi | 3 |
| 36 | Sterling Pharma, Kochi | 3 |
| 37 | Prakash Pharmaceuticals, Thodupuzha | 3 |
| 38 | Remya Pharmaceuticals, Thodupuzha | 3 |
| 39 | Vadathu Pharma, Thodupuzha | 3 |
| 40 | S.H. Pharmaceuticals, Thodupuzha | 3 |
| 41 | Johnson & Johnson Pharmaceuticals, Ernakulam | 3 |
| 42 | Intas Pharmaceuticals, Ernakulam | 3 |
| 43 | English Company, Alappuzha | 3 |
| 44 | Raj Distributors, Ernakulam | 5 |
| 45 | Cochin Drug House, Kochi | 5 |
| 46 | Dada Pharma, Ernakulam | 3 |
| 47 | Arsha Pharma, Ernakulam | 3 |
| 48 | Attupuram Pharma, Mavelikkara | 3 |
| 49 | Sun Pharmaceuticals, Kadavanthara | 3 |

LIBRARY ARCHIVES Kerala Legislative Assembly